## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4732 — 21.10.2011-ൽ മറുപടിയ്ക്ക്

### ലോഡ് ഷെഡ്ഡിംഗ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. കെ. രാജു :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തി ; ഓരോ തവണയും ഇത് ഏർപ്പെടുത്തുന്നതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് 27-09-2011 മുതൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.<br>കാലവർഷം നിലച്ചതിനെതുടർന്ന് വൈദ്യുതിയുടെ ആവശ്യകത ക്രമാതീതമായി വർദ്ധിച്ചു. ജലവൈദ്യുത നിലയങ്ങളിൽ നിന്ന് പൂർണ്ണതോതിൽ ഉൽപ്പാദനം നടത്തിയാലും, കേന്ദ്ര വിഹിതം പൂർണ്ണമായി ലഭിച്ചാലും ആവശ്യകത നിറവേറ്റാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. കായംകുളം, ബി. എസ്. ഇ. എസ്. തുടങ്ങിയ താപ നിലയങ്ങളിൽ നിന്ന്, താപ വൈദ്യുതിയുടെ അധികവില കാരണം വൈദ്യുതി വാങ്ങാൻ കഴിയാതെ വന്നു.<br>27-09-2011 മുതൽ കേന്ദ്ര വിഹിതത്തിൽ ഗണ്യമായ കുറവ് വന്നു. കേന്ദ്ര നിലയങ്ങളായ നെയ്‌വേലി, താൽച്ചർ തുടങ്ങിയവയിൽ അടിയന്തിര അറ്റകുറ്റപണികൾക്കായി ചില ജനറേറ്ററുകൾ നിർത്തിയതും, രാമഗുണ്ടം നിലയത്തിലെ കൽക്കരിക്ഷാമവും, കൂടാതെ അൺഅലോക്കേറ്റഡ് |

വിഹിതത്തിലുണ്ടായ കുറവും മൂലമാണ് കേന്ദ്ര വിഹിതത്തിൽ കുറവ് വന്നത്.

വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്താൻ മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നതിൽ കേന്ദ്ര പ്രസരണ ലൈനുകളിലുള്ള തടസ്സങ്ങൾ മൂലം കുറവ് വന്നിട്ടുണ്ട്. ആഭ്യന്തര ഉല്പ്പാദനവും കേന്ദ്ര വിഹിതവും മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ലഭ്യതയും എല്ലാം കൂടി കൂട്ടിയിട്ടും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം നിയന്ത്രണാതീതമാവുകയും, പ്രതി സന്ധി രൂക്ഷമാകുകയും ചെയ്ത പ്പോഴാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്.

| | |
|---|---|
| (ബി) കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി ലഭിക്കാത്തതിനെത്തുടർന്ന് ലോഡ് ഷെഡ്ഡിംഗ് ആവശ്യമായി വന്നിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര പൂളിൽ നിന്നും അർഹമായ വൈദ്യുതി വിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി ലഭ്യതയുടെ കുറവ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാനുള്ള കാരണങ്ങളിൽപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.